ശ്രീ. സിറിയക് ജോൺ:

,, ജോസ് തോന്നിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും ഇലക്ട്രിസിറ്റി ചാർജ്ജ് ഒഴിവാക്കി കൊടുക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ, ബി) പ്രതിമാസം പത്തു യൂണിറ്റുവരെ വിദ്യുച്ഛക്തി വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന താഴ്ന്ന വരുമാനക്കാരായ ഉപഭോക്താക്കൾക്ക് വിദ്യുച്ഛക്തി ചാർജ്ജ് ഒഴിവാക്കി കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയുണ്ട്. ഇത് നടപ്പിലാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

ഡൽഹിയിലെ സ്പെഷ്യൽ കമ്മീഷണർ

* 582 [629] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിൽ സ്പെഷ്യൽ റെപ്രസന്റേറ്റീവിനെ (എസ്. ആറിനെ) കൂടാതെ സ്പെഷ്യൽ കമ്മിഷണറുടെ തസ്തിക ഉണ്ടായിരുന്നോ;

(ബി) അദ്ദേഹത്തിന്റെ ജോലികൾ എന്തൊക്കെയായിരുന്നു;

(സി) ആ തസ്തിക ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഉണ്ടായിരുന്നു.

(ബി) മൊത്തത്തിൽ കേന്ദ്രഗവൺമെന്റിലെ വിവിധ കാര്യാലയങ്ങളിലും മറ്റും കേരള ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ്.

(സി) തസ്തിക നിർത്തലാക്കിയിട്ടില്ല. പക്ഷെ തൽക്കാലം ആരെയും നിയമിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

കൈത്തറി തൊഴിലാളികൾക്ക് ക്ഷേമനിധി

* 583 [633] ശ്രീ. കെ. ശിവദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റു മേഖലകളിലെ തൊഴിലാളികൾക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയുടെ വിശദാംശങ്ങൾ പഠിച്ച് കൈത്തറി തൊഴിലാളികൾക്കുവേണ്ടി ഒരു പദ്ധതി തയ്യാറാക്കുവാൻ നടപടികളെടുത്തു വരുന്നു.

ഇലക്ട്രിസിറ്റി ബോർഡിൽ 1980–81–ലെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്

* 584 [634] ശ്രീമതി പി. വേലായുധി:
ശ്രീ. കെ. എം. അബ്രഹാം:
,, എം. വി. രാഘവൻ:
,, കെ. ശ്രീധരൻ:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, പി. ആർ. ശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ 1980–81–ൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഇത് മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം വരും;

(സി) 1978–79, 1979–80 വർഷങ്ങളിൽ ഇത് എത്ര ശതമാനം വീതമായിരുന്നു;

(ഡി) എസ്റ്റാബ്ലിഷ്മെന്റ് ചാർജ് കുറച്ചു കൊണ്ടുവരാൻ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) 1980–81–ലെ വാർഷിക കണക്ക് ഇനിയും തയ്യാറാക്കി കഴിഞ്ഞിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റനുസരിച്ച് 1980–81–ലേക്ക് 28·40 കോടി രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജിനത്തിൽ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക മൊത്തം റവന്യൂ വരുമാനത്തിന്റെ 26·58 ശതമാനമാകുന്നു. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും എച്ച്. ടി./ഇ. എച്ച്. ടി. എന്നീ ഉപഭോക്താക്കളിൽ നിന്നും കിട്ടുന്ന റവന്യൂ വരുമാനം കഴിച്ചാൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് 73 ശതമാനം ആയിരിക്കും.

(സി) 1978–79–ൽ 21·82 ശതമാനവും 1979–80–ൽ 26·85 ശതമാനവുമായിരുന്നു. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും എച്ച്. ടി./ഇ. എച്ച്. ടി. എന്നീ ഉപഭോക്താക്കളിൽ നിന്നും കിട്ടിയ റവന്യൂ വരുമാനം കഴിച്ചാൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ് യഥാക്രമം 72–ം 77–ം ശതമാനമായിരിക്കും.

(ഡി) പല നടപടികളും പരിഗണിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly